# സമർപ്പണം

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ബഹു: എം.എൽ.എ ശ്രീ.ജി.എസ് ജയലാലിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വന്ന് സമഗ്ര വിദ്യാഭ്യാസ പദ്ധതിയ്ക്ക് മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളെ മികവിലെത്തിക്കാൻ കഴിഞ്ഞു. വിദ്യാല യങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക നിലവാരം ഉയർത്തി പൊതു സമൂഹത്തിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പദ്ധതിക്കു കഴിഞ്ഞിട്ടുണ്ട്. ഡിജിറ്റൽ സ്മാർട്ട് A/C ക്ലാസ്സ് മുറികൾ, പുതിയ കെട്ടിടങ്ങൾ, മികച്ച അക്കാദമിക പ്രവർത്തനങ്ങൾ ഇവയെല്ലാം ചാത്തന്നൂർ മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ തിളക്കം കൂട്ടുവാൻ സഹായകമായി. ഈ പ്രവർത്തന ങ്ങൾക്ക് ചുക്കാൻ പിടിച്ച ബഹു: എം.എൽ.എയ്ക്ക് ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താൻ കേരളസർക്കാൻ നട ത്തുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി, ചാത്ത ന്നൂർ നിയോജകമണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി രണ്ടാംഘട്ടത്തിൽ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടു നടന്ന കൂട്ടായ്മയിൽ ഉരുത്തിരിഞ്ഞ വിവിധ ആശയങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ ഈ വികസന മാർഗ്ഗരേഖ യിലെ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റേയും ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും സഹായത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന വിശ്വാ സത്തോടെ സമർപ്പിക്കുന്നു.

***പി.റ്റി.എ പ്രസിഡന്റ്*** ***വികസനസമിതി കൺവീനർ*** ***ഹെഡ്മിസ്ട്രസ്***

## ആമുഖം

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ കോഷ്ണക്കാവ് വാർഡിൽ സ്ഥിതിചെയ്യുന്ന ഏക സർക്കാർ വിദ്യാലയമാണ് ഇടനാട് ഗവ.എൽ.പി. സ്കൂൾ. സ്കൂളിന് സമീപത്തായി പ്രവർത്തിക്കുന്ന അംഗൻവാടി, സ്കൂളിന്റെ ഭാഗമായ പ്രീ-പ്രൈമറി എന്നിവയാണ് ഈ വിദ്യാലയത്തെ നിലനിർത്തുന്നത്. 1938-ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിന്റെ സ്ഥാപകനായ ശ്രീ. അക്കരക്കുന്നത്ത് മാധവൻ പിള്ളയിൽ നിന്നും പിന്നീട് സർക്കാർ ഏറ്റെടുക്കുകയാണ് ഉണ്ടായത്. 70% പട്ടികജാതി വിദ്യാർത്ഥികളുടെ ആശ്രയ കേന്ദ്രമായ ഈ വിദ്യാലയം പാഠ്യേതര പ്രവർത്തനങ്ങളിലും ബഹുദൂരം മുന്നിലാണ്. കാലാകാലങ്ങളിൽ മാറി വരുന്ന വിദ്യാഭ്യാസ രീതികൾക്ക് അനുസൃതമായി മുന്നോട്ടു പോകുവാൻ സ്കൂളിന് കഴിയുന്നു.

2025 ജൂലൈ മാസത്തിൽ സംഘടിപ്പിച്ച കൂട്ടായ്മയിൽ പ്രദേശത്തെ കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, അധ്യാപകർ, പി.റ്റി.എ, എം.പി.റ്റി.എ അംഗങ്ങൾ പ്രത്യേക ക്ഷണിതാക്കൾ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരെല്ലാം പങ്കെടുത്തു. അടുത്ത മൂന്ന് വർഷം കൊണ്ട് അക്കാദമിക ഭൗതിക മേഖലകളിൽ സാമൂഹിക ഇടപെടലോടെ കൈവരിയ്ക്കേണ്ട നേട്ടങ്ങൾ ലിസ്റ്റ് ചെയ്യുക. അവയുടെ മുൻഗണനാക്രമം നിശ്ചയിക്കുക, അതിനാവശ്യമായ സാമ്പത്തിക സഹായങ്ങളും ഉപദേശ നിർദ്ദേശങ്ങളും കണ്ടെത്തുക എന്നിവയായിരുന്നു ഈ കൂട്ടായ്മയുടെ ലക്ഷ്യം. കൂട്ടായ്മയിൽ ഊരുത്തിരിഞ്ഞ ആശയങ്ങൾ, ആവശ്യമായ മാറ്റങ്ങൾക്കും മെച്ചപ്പെടുത്തലുകൾക്കും ശേഷം ക്രോഡീകരിച്ച് അവതരിപ്പിയ്ക്കുകയാണ്. ബഹുജന പങ്കാളിത്തത്തോടെ, സാമൂഹ്യ പിന്തുണയോടെ, വിവിധ ഏജൻസികളുടെ സഹകരണത്തോടെ, അതിലുപരി സർക്കാർ സഹായത്തോടെ ഈ കർമ്മ പദ്ധതികളെല്ലാം പ്രവൃത്തി പഥത്തിലെത്തിയ്ക്കാൻ കഴിയുമെന്നാണ് ഞങ്ങളുടെ പ്രത്യാശ.

സ്നേഹപൂർവ്വം

(പി.റ്റി.എ പ്രസിഡന്റ്)

(വികസന സമിതി കൺവീനർ)

(M.P.T.A പ്രസിഡന്റ്)

## ലക്ഷ്യങ്ങൾ

- പഠന വിഷയങ്ങളിൽ ആശയദൃഢത ഉണ്ടാക്കുക
- എല്ലാ വിഷയങ്ങളിലും ധാരണയും കഴിവും നേടുക.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക
- കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.
- വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.

## അവസ്ഥാവിശകലനം

| വർഷം | പ്രീ-പ്രൈമറി | | | ക്ലാസ് I | | | ക്ലാസ് II | | | ക്ലാസ്സ് II | | | ക്ലാസ്സ് IV | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| 2025-26 | 9 | 11 | 20 | 6 | 7 | 13 | 5 | 12 | 17 | 12 | 8 | 20 | 6 | 6 | 12 |

## അധ്യാപകരുടെ എണ്ണം

| വർഷം | HM | PD Teacher | LPSA | Daily Wages |
|---|---|---|---|---|
| 2016-2017 | 1 | — | 3 | — |

## പ്രീ-പ്രൈമറി

പ്രൈമറി തലത്തിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2006-2007 അധ്യയന വർഷത്തിൽ പി.റ്റി.എ യുടെ ശ്രമഫലമായി സ്കൂളിലെ പ്രീപ്രൈമറി രൂപം കൊണ്ടു. തുടക്കത്തിൽ അംഗുലി പരിമിതമായിരുന്നു. കുട്ടികളുടെ എണ്ണം, എങ്കിലും തുടർന്നുള്ള വർഷങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഒരു അധ്യാപികയും ഒരു ആയയും പ്രീപ്രൈമറിയുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുവരുന്നു.

2025-26 അധ്യയന വർഷത്തിലെ കുട്ടികളുടെ സ്ഥിതി വിവരം

**2025-26**

Boys - 38

Girls - 44

Total - 82

## വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ്സ് മുറി | 5 (പഴക്കമുള്ളത്) | 6 |
| കമ്പ്യൂട്ടർ ലാബ്, ലൈബ്രറി- ഇല്ല | 1 കമ്പ്യൂട്ടർ | 5 കമ്പ്യൂട്ടർ<br>1 ലൈബ്രറി |
| സയൻസ് ലാബ് - ഇല്ല | | 1 പരീക്ഷണ ലാബ് |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 3 യൂണിറ്റ് | |
| സുരക്ഷിതവും ആവശ്യാനുസരണം | | |
| ഉപയോഗിക്കുന്ന കുടിവെള്ള സൗകര്യം | | |
| പ്രധാന അദ്ധ്യാപക മുറി | പഴക്കമുള്ളത് | 1 |
| ചുറ്റുമതിൽ | ഉണ്ട് | |
| കളിസ്ഥലനം, ഉപകരണങ്ങൾ | ഉണ്ട് | ആവശ്യമുണ്ട് |
| ക്ലാസ്സ് മുറിയിൽ റാംബ് വിത്ത് ഹാന്റ് റെയിൽ | രണ്ട് | |
| അടുക്കള | ഒന്ന് | |
| ഡൈനിംഗ് ഹാൾ | ഇല്ല | ഒന്ന് |
| സ്റ്റാഫ് റൂം | ഇല്ല | ഒന്ന് |

# വിദ്യാലയപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ

## നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ (കഴിഞ്ഞ പ്രവർത്തനങ്ങളുടെ വിലയിരുത്തലുകളും |
|---|---|
| എസ്.ആർ.ജി | സുഗമമായ പ്രവർത്തനം നടക്കുന്നു |
| എം.പി.റ്റി.എ | കാര്യക്ഷമമായി പ്രവർത്തിക്കുന്നു |
| എസ്.എസ്.ജി | ധാർമ്മികമായ പിന്തുണ നൽകുന്നു |
| സ്കൂൾ വികസന സമിതി | വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു |
| ക്ലബ് പ്രവർത്തനങ്ങൾ | സമയബന്ധിതമായ നടത്തുന്നു |
| ഗണിത ക്ലബ് | കാര്യക്ഷമമായി പ്രവർത്തനാധിഷ്ഠിതമായി നടക്കുന്നു. |
| ശാസ്ത്ര ക്ലബ് | കാര്യക്ഷമമായി പ്രവർത്തനാധിഷ്ഠിതമായി നടക്കുന്നു. |
| ഹെൽത്ത് ക്ലബ് | കാര്യക്ഷമമായി പ്രവർത്തനാധിഷ്ഠിതമായി നടക്കുന്നു. |

## മേഖല : അക്കാദമികം

## ഉപമേഖല വാർഷിക ആസൂത്രണം

- SRG ചേർന്ന് വാർഷിക കലണ്ടർ തയ്യാറാക്കൽ
- ആസൂത്രണം
- പ്രവർത്തന ക്രമവും തീയതിയും നിശ്ചയിച്ച് തയ്യാറാക്കിയ കലണ്ടർ അച്ചടിച്ച് രക്ഷിതാക്കൾക്ക് വിതരണം ചെയ്യൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വാർഷിക പ്രവർത്തനങ്ങൾ മുൻകൂട്ടി തയ്യാറാക്കി ധാരണ നേടുക.<br>പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ , വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷാകർതൃ പങ്കാളിത്തം ഉറപ്പാക്കുക.<br>കുട്ടിയുടെ പഠനനിലവാരം ഉയർത്തുവാൻ രക്ഷിതാക്കളുടെ സഹായം നേടുക. | SRG യോഗം ചേരൽ<br>വിദ്യാലയ സൂക്ഷ്മ സമിതികൾ വിഷയ ക്ലബുകൾ വിവിധ പ്രവർത്തനങ്ങൾ/ദിനാചരണങ്ങൾ എന്നിവ തീരുമാനിക്കുന്നു.<br>യൂണിറ്റ് ടെസ്റ്റ്, ക്ലാസ്സ് പി.ടി.എ തീയതി നിശ്ചയിക്കൽ Scheme of work ഉൾപ്പെടുത്തി പ്രവർത്തന കലണ്ടർ തയ്യാറാക്കി. അച്ചടിച്ച് രക്ഷിതാക്കൾക്ക് വിതരണം ചെയ്യുന്നു. | 2025 മെയ് | SRG | കലണ്ടർ പ്രിന്റിംഗ് : 10000<br>SRG |

# മേഖല : മാതൃഭാഷാശേഷി ഉറപ്പിക്കൽ

- മാതൃഭാഷ ശേഷി - അവസ്ഥ കണ്ടെത്തൽ
- പ്രശ്ന പരിഹാര പ്രവർത്തനാസൂത്രണം
- നിർവ്വഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കൽ<br>നേതൃത്വപാടവം<br>എഴുത്തും വായനയും ഉറപ്പിക്കുക.<br>ചിഹ്നങ്ങൾ ചേർക്കൽ<br>വാക്യ നിർമ്മാണം | ➢ ഗ്രൂപ്പുരചന<br>➢ ഗ്രൂപ്പ് എഡിറ്റിങ്<br>➢ കാർട്ടൂണുകൾക്കും ചിത്രങ്ങൾക്കും അടിക്കുറുപ്പെഴുതൽ<br>➢ വ്യക്തിഗത പ്രൊഫൈൽ തയ്യാറാക്കൽ<br>➢ വായ്ത്താരികളും പ്രാസഭംഗിയുള്ള കവിതകളും പരിചയപ്പെടൽ, എഴുതൽ<br>➢ പോസ്റ്റർ നിർമ്മാണം | പഠനപ്രവർ ത്തനങ്ങളോടൊപ്പം<br>പഠനപ്രവർ ത്തനങ്ങളോടൊപ്പം<br>പഠനപ്രവർ ത്തനങ്ങളോടൊപ്പം<br>പഠനപ്രവർ ത്തനങ്ങളോടൊപ്പം<br>പഠനപ്രവർ ത്തനങ്ങളോടൊപ്പം | ക്ലാസ്സ് അധ്യാപകർ | |

## മേഖല : മാതൃഭാഷാശേഷി ഉറപ്പാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും മാതൃഭാഷ എഴുത്തും വായനയും ഉറപ്പിക്കുക.<br>അക്ഷരങ്ങൾ, ചിഹ്നങ്ങൾ ചേർക്കൽ വാക്യനിർമ്മാണം എന്നിവ ഉറപ്പിക്കുക. | ➢ എന്റെ വാർത്താബുക്ക്<br>➢ ക്ലാസ് ഡയറി<br>➢ വ്യക്തിഗത രചനയിലെ പിന്തുണ<br>➢ ആശംസാകാർഡ് നിർമ്മാണം<br>➢ രചനകളുടെ പ്രദർശനം<br>➢ വ്യവഹാരരൂപം ധാരണ വികസിപ്പിക്കൽ<br>➢ വാക്യഭംഗി, ഭാഷാഭംഗി | ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകർ | |
| | പഠനനില കണ്ടെത്തൽ (Pretest) | ജൂൺ ആദ്യവാരം | ക്ലാസ്സ് അദ്ധ്യാപകർ SRG | 500/- Staff Council |
| | പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്തന പാക്കേജ് രൂപീകരണം, നിർവ്വഹണം. | ജൂൺ 15 നകം | മലയാളം അദ്ധ്യാപകർ | 1000/- |
| | ക്ലാസ് മുറിയിൽ കുറിപ്പ് തയ്യാറാക്കൽ അവതരണം. (Trs പരിശോധന വിലയിരുത്തൽ മെച്ചപ്പെടുത്തൽ) | പഠന പ്രവർത്തനങ്ങളോടൊപ്പം | അതാത് ക്ലാസ്സ് അദ്ധ്യാപകർ SRG | |
| | രംഗാവിഷ്കരണം (തിരഞ്ഞെടുത്ത പാഠഭാഗത്തെ ആസ്പദമാക്കി തയ്യാറാക്കിയ സ്ക്രിപ്റ്റ് ഉപയോഗിച്ച്) | പഠന പ്രവർത്തനങ്ങളോടൊപ്പം | അതാത് ക്ലാസ്സ് അദ്ധ്യാപകർ HM | |
| | ക്ലാസ് തല പതിപ്പുകൾ (മലയാളം) | ഡിസംബർ 2025 | | 1000/- |

## ഉപമേഖല - മാതൃഭാഷാ ശേഷി ഉറപ്പാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും മാതൃഭാഷ എഴുത്തും വായനയും ഉറപ്പിക്കുക.<br><br>അക്ഷരങ്ങൾ, ചിഹ്നങ്ങൾ<br><br>ചേർക്കൽ, വാക്യ നിർമാണം എന്നിവ ഉറപ്പിക്കുക. | • പഠനനില കണ്ടെത്തൽ (pretest) | ജൂൺ ആദ്യ-വാരം | ക്ലാസ്സ് അധ്യാപകൻ SRG | 500/- Staff Council |
| | • പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്തനം പാക്കേജ് രൂപീകരണം, നിർവ്വഹണം. | ജൂൺ 15 നകം | | |
| | • ക്ലാസ്സ് മുറിയിൽ കുറിപ്പ് തയ്യാറാക്കൽ അവതരണം (Trs പരിശോധന വിലയിരുത്തൽ മെച്ചപ്പെടുത്തൽ) | പഠന പ്രവർത്തന-ങ്ങളോടൊപ്പം | മലയാളം അധ്യാപകൻ | 1000/- |
| | • രംഗാവിഷ്കരണം (തെരഞ്ഞെടുത്ത പാഠഭാഗത്തെ ആസ്പദമാക്കി തയ്യാറാക്കിയ സ്ക്രിപ്റ്റ് ഉപയോഗിച്ച്) | പഠന പ്രവർത്തന-ങ്ങളോടൊപ്പം | അതാത് ക്ലാസ്സ് അധ്യാപകർ SRG | |
| | • ക്ലാസ്സ്തല പതിപ്പുകൾ (മലയാളം) Post test | ഡിസംബർ 2025 | | 1000/- |

## ഉപമേഖല - വായനാക്കൂട്ടം - അമ്മ വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| രക്ഷിതാക്കളിലെ വായനാശേഷി വർദ്ധിപ്പിക്കുക. | • രക്ഷിതാക്കൾക്ക് സ്കൂൾ തലത്തിൽ ഒരു യൂണിറ്റ് സ്കൂൾ ലൈബ്രറിയും ശക്തിപ്പെടുത്തൽ | 2025 ഡിസംബർ മുതൽ | SRG ചുമതലയുള്ള അധ്യാപകർ/ HM | PTA |
| കുട്ടികളെ വായിക്കാൻ രക്ഷിതാവിലൂടെ പ്രേരിപ്പിക്കുക. | • രക്ഷിതാക്കൾക്ക് പുസ്തക വിതരണം നടത്തുന്നു | | | PTA |
| | • വായനക്കുറിപ്പുകൾ തയ്യാറാക്കി ലഘുപുസ്തകം പ്രസിദ്ധീകരിക്കൽ. | മാർച്ച് 2026 | | |

## ഉപമേഖല ഇംഗ്ലീഷ് പഠനം

- Pretest
- Package രൂപീകരണം
- Post test

## ഉപമേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാൻ, എഴുതാൻ സംസാരിക്കാൻ ശേഷി വികസിപ്പിക്കുക. | • പഠന നില കണ്ടെത്തൽ മികവും പരിമിതികളും കണ്ടെത്തൽ.<br>• പ്രവർത്തനം പാക്കേജ് ആസൂത്രണം.<br>• ഇംഗ്ലീഷ് കുറിപ്പുകൾ തയ്യാറാക്കൽ.<br>• ക്ലാസ്സ് റൂം ലൈബ്രറിയിൽ ഇംഗ്ലീഷ് ടെസ്റ്റ് ഉൾപ്പെടുത്തി വായനാക്കുറിപ്പ് തയ്യാറാക്കൽ.<br>• ഇംഗ്ലീഷ് പത്രം വായന: വാർത്ത ചുരുക്കി എഴുതൽ<br>• wall magazines, പതിപ്പുകൾ Creative workshop രചനാ ശിൽപശാലകൾ | ജൂൺ ആദ്യ-വാരം<br>ജൂൺ രണ്ടാം വാരം<br>പഠന പ്രവർത്തനങ്ങളോടൊപ്പം.<br>വെള്ളിയാഴ്ചകളിൽ<br>ആഴ്ചയിൽ ഒരു ദിവസം<br>ആഴ്ചയിൽ രണ്ട് ദിവസം<br>ആഴ്ചയിൽ<br>സെപ്റ്റംബർ ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചർ<br>SRG<br>HM/ English Teacher/ SRG<br>ഇംഗ്ലീഷ് ടീച്ചർ<br>SRG<br>SRG<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>SRG<br>ഇംഗ്ലീഷ് ടീച്ചർ<br>PTA/SRG | Staff fund 1000<br>2000 PTA<br>1000/ Sponsor<br>1000/SSA Fund teacher grant<br>1000 -S.S.A |

## ഉപമേഖല ഹിന്ദി പഠനം

- STd III, IV ക്ലാസുകളിലെ കുട്ടികൾ ഹിന്ദി എഴുത്ത്, വായന എന്നിവ സാധ്യമാകുന്ന പ്രവർത്തനങ്ങൾ

## ഉപമേഖല ഹിന്ദി പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| മൂന്ന്, നാല് ക്ലാസ്സുകളിലെ കുട്ടികൾക്ക് ഹിന്ദി പഠനം | • 3-ാം ക്ലാസ്സിലെ കുട്ടിയും 4-ാം ക്ലാസ്സിലെയും കുട്ടികൾക്ക് ഹിന്ദി അക്ഷരം, ചിഹ്നങ്ങൾ, ലഘുവാക്കുകൾ എന്നിവയുടെ എഴുത്ത് വായന സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ | ഒക്ടോബർ മുതൽ | ക്ലാസ്സ് അധ്യാപകർ | |

## ഉപമേഖല ശാസ്ത്ര പഠനം

- പരീക്ഷണ പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തൽ
- സാമഗ്രികൾ ലിസ്റ്റ് ചെയ്യൽ
- വാങ്ങൽ / ശേഖരിക്കൽ
- ശാസ്ത്രമൂല നിർമ്മാണം
- സ്കൂൾ ലാബ് നവീകരണം

## ഉപമേഖല ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രമൂല ഒരുക്കുക.<br>ശാസ്ത്രപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിച്ച് പഠനനേട്ടം ഉറപ്പാക്കുക<br>പരീക്ഷണം ചെയ്യുവാൻ എല്ലാ കുട്ടികൾക്കും അവസരം ഒരുക്കുക | വിവിധ പരീക്ഷണ പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക. | സെപ്റ്റംബർ 5 | ശാസ്ത്ര അധ്യാപകൻ | |
| | ആവശ്യമായ സാമഗ്രികൾ വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ശേഖരിക്കേണ്ടവ എന്നിങ്ങനെ തിരിക്കുക | സെപ്റ്റംബർ 20 | ശാസ്ത്ര അധ്യാപകൻ | 3000/- |
| | ശാസ്ത്രമൂല നിർമ്മാണം ( Plywood -Almirahs) | ഒക്ടോബർ ആദ്യവാരം | Science Club Members | PTA - 1000<br>4 x 1000 |
| | സ്കൂൾലാബ് നവീകരണം സാമഗ്രികളെ ഉപയോഗിക്കേണ്ട ക്ലാസ്സ് അടിസ്ഥാനത്തിൽ തരം തിരിച്ച് വെക്കുന്നു. | സെപ്റ്റംബർ 30 നകം | HM/ ശാസ്ത്ര അധ്യാ-പകൻ | |
| | ലഘുപരീക്ഷണങ്ങൾ, ശിൽപശാല - എല്ലാ കുട്ടികൾക്കും പങ്കാളിത്തം | നവംബർ & ജനുവരി | | PTA - 1000 |

## ഉപമേഖല  കായിക വിദ്യാഭ്യാസം

- കായിക ഉപകരണങ്ങൾ വാങ്ങൽ
- കരാട്ടെ, യോഗ പരിശീലനം
- സ്കൂൾ ഗ്രൗണ്ട് കായിക പരിശീലനത്തിനായി പാകപ്പെടുത്തൽ
- മാസ്ഡ്രിൽ പരിശീലനം
- പരിശീലനത്തിന് പങ്കെടുക്കുന്ന കുട്ടികൾക്ക് പോഷകാഹാരം

## ഉപമേഖല -  കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ശരിയായ കായിക പരിശീലനം നൽകുക. | കായിക ഉപകരണങ്ങൾ വാങ്ങൽ, സ്കൂൾ ഗ്രൗണ്ട് പാകപ്പെടുത്തൽ, യോഗ/ കരാട്ടെ പരിശീലനം, നീന്തൽ പരിശീലനം | | കായിക അധ്യാപകൻ | |

## ഉപമേഖല ഗണിത പഠനം

- ഗണിത ബുള്ളറ്റിൽ ബോർഡ്
- ഗണിത ചോദ്യപ്പെട്ടി
- ഗണിത ക്വിസ്
- ഗണിത ശാസ്ത്ര കൈയ്യെഴുത്തു മാസിക
- തൊഴിലിടങ്ങളിലെ ഗണിതം
- പ്രകൃതി ഗണിതം
- സ്ക്കൂൾ ഗണിത വൽക്കരിക്കൽ

## ഉപമേഖല - ഗണിത പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠനത്തിൽ ആത്മ വിശ്വാസമുണ്ടാക്കുക, ഗണിതത്തോടുള്ള താൽപര്യം വളർത്തുക. | ഗണിത ബുള്ളറ്റിൽ ബോർഡ് ഗണിത ചോദ്യപ്പെട്ടി, ക്വിസ്സ് എന്നിവ തയ്യാറാക്കുക (രസകരമായ ഗണിത പ്രശ്നങ്ങൾ, പത്രവാർത്തകൾ, ഗണിത ചിന്തകൾ ഉൾപ്പെടുത്തുക) | ജൂൺ | ഗണിത അധ്യാപകൻ ക്ലബ്ബ് അംഗങ്ങൾ | |
| | ഗണിത ശാസ്ത്ര കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ. ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ. ക്വിസ്സ്, പ്രഹേളിക ഗണിതകേളികൾ, ഗണിത കഥകൾ എന്നിവ നടത്കുക. സംഖ്യാ പാറ്റേൺ നിർമ്മിക്കുക. | ആഗസ്റ്റ് | ഗണിത അധ്യാപകൻ ക്ലബ്ബ് അംഗങ്ങൾ ഗണിത ക്ലബ്ബ് | 1000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗിക്കാൻ പ്രാപ്തമാക്കുക<br><br>പ്രകൃതിയിലെ ഗണിത സങ്കേതങ്ങൾ നിരീക്ഷിക്കാനും പ്രയോജനപ്പെടുത്താനുള്ള ശേഷി വർദ്ധിപ്പിക്കുക. | • തൊഴിലിടങ്ങളിലെ ഗണിതം (മരപ്പണിശാല, കെട്ടിടം പണി നടക്കുന്ന സ്ഥലങ്ങൾ, പാചകപ്പുര തുടങ്ങിയവ സന്ദർശിച്ച് ഗണിതത്തിന്റെ പ്രയോഗം തിരിച്ചറിയുന്നു) | സെപ്റ്റംബർ ഒക്ടോബർ | ഗണിത അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ | 2000/- |
| | • സർവ്വേ-കറന്റ് ബിൽ കുടുംബ ബജറ്റ് | ഒക്ടോബർ | ഗണിതക്ലബ്ബ് | 3000/- |
| | • പ്രകൃതിഗണിതം (സസ്യങ്ങളിലെ ഇലകളുടെ ആകൃതി, എണ്ണം, ദളങ്ങളുടെ, വിന്യാസം, വയൽപരപ്പ്, വീടുകളുടെ മേൽക്കൂര, കുന്നുകൾ, ഭൂമിയുടെ അളവ് - നിരീക്ഷണം) | ഡിസംബർ | ഗണിത അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ | 1000/- |
| | • ഗണിത സഹവാസ ക്യാമ്പ് | ഡിസംബർ | HM, PTA, ഗണിത അധ്യാപകർ | 1000/- |
| | • ഗണിത ലൈബ്രറി, ഗണിത മൂല | സെപ്റ്റംബർ | HM ഗണിത അധ്യാപകർ | 2000/- |
| | • സ്കൂൾ ഗണിതവൽക്കരിക്കൽ (BALA) | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തെ ക്ലാസ് റൂം വിരസതകളിൽ നിന്ന് പുറത്തേക്ക് കൂട്ടിക്കൊണ്ട് വരുന്നു | • ഗണിതലാബ് സജ്ജീകരണം ഗണിത കിറ്റ് തയ്യാറാക്കൽ (ആവശ്യമായ സാമഗ്രികൾ നിർമ്മിക്കുകയും ശേഖരിക്കുകയും ചെയ്യൽ) | | | 2000/- |
| | • ഗണിത മേളകൾ സംഘടിപ്പിക്കുക | | | 1000/- |
| | • ഗണിത യാത്ര (പ്രകൃതിയിലെ ഗണിതം ആസ്വദിക്കൽ, ഡയറിക്കുറിപ്പ് തയ്യാറാക്കൽ, (പ്രകൃതിയിലെ പാറ്റേണുകൾ കണ്ടെത്തൽ റിപ്പോർട്ട് തയ്യാറാക്കൽ) | | | 2000/- |

## ഉപമേഖല കലാ പഠനം

- നൃത്തം, സംഗീതം, അഭിനയം തുടങ്ങിയ മേഖലകളിൽ പരിശീലനം
- ചിത്രരചന വികസിപ്പിക്കൽ
- സംഗീതം ദിനാചരണം
- സംഗീത ഉപകരണങ്ങൾ പരിചയപ്പെടുത്തൽ

## ഉപമേഖല കലാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ കലാപരമായ കഴിവ് കണ്ടെത്തുക, വികസിപ്പിക്കുക. | നൃത്തം, സംഗീതം, അഭിനയം തുടങ്ങിയ മേഖലകളിൽ താൽപ്പര്യമുള്ള കുട്ടികളെ പരിശീലനം നൽകുന്നു. | | ക്ലാസ്സ് അധ്യാപകർ H.M | 5000/- |
| | സംഗീതം ഉപകരണങ്ങൾ പരിചയപ്പെടൽ സംഗീത ദിനാചരണം. | | | |
| ചിതരചന | ചിത്രരചനയിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. | | ക്ലാസ്സ് അധ്യാപകർ/ H.M | |

## ഉപമേഖല - ദിനാചരണം

## ദിനാചരണ പ്രവർത്തനങ്ങൾ

- (സംവാദം, ക്വിസ്സ്, സെമിനാർ, അസംബ്ലിയിൽ അവതരണം, പ്രദർശനങ്ങൾ, അഭിമുഖം, ഫീൽഡ്)

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഉപമേഖല ദിനങ്ങളുടെ പ്രാധാന്യം, ബോധ്യപ്പെടുത്തൽ ക്രിയാത്മ മൂല്യം മനോഭാവം രൂപപ്പെടുത്തുക. | • ദിനാചരണങ്ങൾ സൂക്ഷ്മസമിതികൾക്ക്/ദിനാചരണ ചുമതല നൽകുന്നു.<br>• വിവിധ ക്ലബ്ബുകൾ മറ്റ് സമിതികൾ ദിനാചരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് SRG യിൽ<br>• അവതരണം<br>• സെമിനാർ<br>• സംവാദം<br>• ക്വിസ്<br>• പദപ്രശ്നം<br>• അസംബ്ലി അവതരണം<br>• അഭിമുഖം<br>• Field trip | പുന പ്രവർത്തനങ്ങ ൾക്കൊപ്പം | വിവിധ ക്ലബ്ബുകൾ ഹൗസുകൾ<br>• SRG<br>• PTA | 2000/- |

## ഉപമേഖല - ICT പഠനം

- അധ്യാപകർക്ക് പരിശീലനം
- CD തയ്യാറാക്കൽ
- ICT സാധ്യതകളുടെ പാഠഭാഗങ്ങൾ കണ്ടെത്തൽ

## ഉപമേഖല - ICT പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ICT ഉപയോഗിച്ച് വിവിധ വിഷയ ങ്ങളുടെ ക്ലാസ്സ് റൂം വിനിമയം ഫലപ്രദമാക്കുക<br><br>കുട്ടികളുടെ IT ശേഷി വർദ്ധിപ്പി-ക്കുക | • അധ്യാപകർക്ക് IT പരിശീലനം നൽകുന്നു.<br>• ഓരോ ക്ലാസ്സിലെയും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ICT സാധ്യത കൾ കണ്ടെത്തുന്നു.<br>• ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നു<br>• പഠന പ്രവർത്തനങ്ങളു ടെ ഭാഗമായി മേൽ വിഭ ങ്ങളുടെ ഉപയോഗം/ പ്രയോജനപ്പെടുത്തൽ. | വിദ്യാലയ വർഷം | വിഷയ അധ്യാപകർ | Laptop - 4<br>25000 x 4 = 100000 |

മേഖല - സാമൂഹികം

ഉപമേഖല - Class PTA

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| കുട്ടിയുടെ പഠനത്തിൽ രക്ഷിതാവിന്റെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക.<br><br>കുട്ടികളുടെ IT ശേഷി വർദ്ധിപ്പി-ക്കുക | • വർഷാരംഭത്തിൽ CPTA നോട്ടീസ് നൽകി വിളിക്കുക<br>• ഓരോ മാസത്തെയും പഠന നേട്ടങ്ങൾ സംബന്ധിച്ച കുറിപ്പ് നൽകുന്നു<br>• യൂണിറ്റ് ടെസ്റ്റിനെ തുടർന്നുള്ള CPTA യിൽ പഠന വിശകലനം രക്ഷിതാവിന്റെ അഭിപ്രായം നേടൽ.<br>• നൽകേണ്ട പിന്തുണ സംബന്ധിച്ച് നിർദ്ദേശം നൽകൽ. | | ക്ലാസ്സ് അധ്യാപകർ | |

# ഏറ്റെടുത്ത പ്രവർത്തനങ്ങൾ

1. **പൊതുവിജ്ഞാനം :-**

കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി ഓരോദിവസവും 10 ചോദ്യങ്ങൾ നൽകുന്നു. ആഴ്ചയിലൊരിക്കൽ ക്വിസ് നടത്തും. ഒന്നാം സ്ഥാനക്കാർക്ക് സമ്മാനം അസംബ്ലിയിൽ നൽകുന്നു. വർഷാവസാനം മെഗാ ക്വിസ് നടത്തി വിജയികളെ കണ്ടെത്തി സമ്മാനം നൽകുന്നു.

2. **അമ്മ വായന :-**

അമ്മ മാർക്ക് പുസ്തകങ്ങൾ നൽകുകയും വായനാക്കുറിപ്പുകൾ എഴുതി വാങ്ങുകയും ചെയ്യുന്നു. വാർഷികാഘോഷത്തിൽ വച്ച് കൂടുതൽ പുസ്തകങ്ങൾ വായിച്ച അമ്മമാർക്ക് സമ്മാനം നൽകുന്നു.

3. **ക്ലാസ്സ് ലൈബ്രറി :-**

സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ ഓരോ ക്ലാസ്സിന്റെയും നിലവാരത്തിനനുസരിച്ച് തരംതിരിച്ച് ഓരോ ക്ലാസ്സിലും ലൈബ്രറി ക്രമീകരിച്ചു. കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിന് ഇത് സഹായകമായി.

## ജൈവ വൈവിധ്യം വിദ്യാലയത്തിൽ

- ജൈവ വൈവിധ്യപാർക്ക്, നിർമ്മാണത്തിന് തുടക്കം കുറിച്ചു.

  സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾ ക്കാവ ശ്യമായി പാഠ്യപദ്ധതി സൂചിപ്പിക്കുന്ന മുഴുവൻ സസ്യങ്ങളും സ്കൂൾ കോമ്പൗണ്ടിൽ)
- ശലഭോദ്യാനം തയ്യാറാക്കി വരുന്നു
- പൂന്തോട്ടത്തിൽ കുട്ടികളുടെയും അധ്യാപകരുടെയും സഹായത്തോടെ ധാരാളം ചെടികൾ വെച്ചു പിടിപ്പിച്ചു.
- ഔഷധത്തോട്ടം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.
- ചെറിയകുളം (ജലജീവികൾ, ജലസസ്യങ്ങൾ) നിർമ്മിച്ചു.
- ഓരോ കുട്ടികളും ഓരോ സസ്യം
- പച്ചക്കറിത്തോട്ടം/കുട്ടികളും അധ്യാപകരും ചേർന്ന് പച്ചക്കറി വിളവെടുത്തു)
- പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഹാഗിംഗ് ഗാർഡൻ
- ഹരിതപാതകൾ, ഹരിത ഇടനാഴികൾ, പച്ചപ്പന്തൽ
- പ്ലാസ്റ്റിക് രഹിത വിദ്യാലയം
- മാലിന്യശേഖരണ സംസ്കരണ സംവിധാനം

# അക്കാദമികം


## സ്കൂൾ കലണ്ടർ


| | | | |
|---|---|---|---|
| I. | ഭാഷാശേഷി വികസനം | - | 10000 |
| 1. | മാതൃഭാഷാ (വായനാസമാഗ്രികൾ) | | |
| | 1500, പതിപ്പുകൾ | - | 1500 |
| 2. | ഇംഗ്ലീഷ് (പത്രം, പതിപ്പ്, ശിൽപ്പശാല, വായനാസാമഗ്രി) | - | 6000 |
| 3. | ഹിന്ദി (വായനാസമാഗ്രി) | - | 2000 |
| 4. | ശാസ്ത്രം | - | 8000 |
| | (ക്ലാസ്സ് റൂം, പരീക്ഷണങ്ങൾക്കാവശ്യമായMaterials (Charts, apparatus) | | |
| 5. | ഗണിതം | | |
| | (ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്കാവശ്യമായ Maps, charts, models, Geometric, items) | - | 15000 |
| 6. | IT Laptop | - | (25000 X 4) |
| | | | 100000 |
| 7. | ദിനാചരണങ്ങൾ | - | 2000 |
| 8. | കലാപഠനം | - | 5000 |
| 9. | കായിക ഉപകരണങ്ങൾ | - | 5000 |
| | | | **1,54,500** |

# ഉപസംഹാരം


ഇടനാട് ഗവ: എൽ.പി.എസിൽ മുൻവർഷങ്ങളിൽ എല്ലാ മേഖലകളിലും നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അക്കാദമിക, ഭൗതിക, സാമൂഹിക മേഖലകൾ കൂടുതൽ മെച്ചപ്പെടുത്തി അന്താരാഷ്ട്ര പഠന നിലവാരത്തിലെത്തിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങളും സഹായങ്ങളും സർക്കാർതലത്തിൽ നിന്ന് പ്രതീക്ഷിച്ചുകൊണ്ട് സവിനയം അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിച്ചുകൊള്ളുന്നു.

SITE SKETCH SHOWING THE LOCATION OF GOV L.P.S EDANADU CHATHANOOR PANCHAYATH





ELEVATION BLOCK B




GROUND FLOOR BLOCK B

BLOCK B